## ക ത്തു ക ൾ

# എല്ലാ അനുവദനീയങ്ങളും മുന്തിയതല്ല

**അഡ്വ. കെ.എൽ അബ്ദുൽ സലാം** എഴുതിയ 'മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനവും ഹൈക്കോടതിവിധി'യും (ഡിസംബർ 27) എന്ന ലേഖനം വിജ്ഞാനപ്രദമായിരുന്നു. ബഹുഭാര്യാത്വത്തെയും വിവാഹമോചനത്തെയും ആർ വിമർശിക്കുമ്പോഴും പൊതുവെ മുസ്‌ലിം പണ്ഡിതന്മാർ, 'ഇതൊന്നും തങ്ങളുടെ സമുദായത്തിൽ മാത്രമുള്ളതല്ല, ഇതരർക്കിടയിൽ താരതമ്യേന കൂടുതലാണ്, എല്ലാവരും മനഃപൂർവം ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ കയറ്റുകയാണ്' തുടങ്ങിയ എതിർ ന്യായങ്ങൾ മാത്രം പറഞ്ഞ് ഫലത്തിൽ ബഹുഭാര്യാത്വത്തെയും മറ്റും നീതീകരിക്കുകയാണ് പതിവ്.

വിവാഹമോചനവും ബഹുഭാര്യാത്വവുമൊക്കെ കേവലം 'അനുവദനീയങ്ങൾ' മാത്രമാണ് ഇസ്‌ലാമിൽ. അനുവദനീയങ്ങൾ മുഴുക്കെ മുന്തിയ കാര്യങ്ങളാവണമെന്നില്ല. 'ഹലാലുകളിൽ ഏറ്റവും വെറുക്കപ്പെട്ടത്' എന്നത്രെ വിവാഹമോചനത്തെക്കുറിച്ച ഇസ്‌ലാമിക പാഠം. നല്ല അനുവദനീയങ്ങൾ (ഹലാലൻ ത്വയ്യിബൻ) എടുക്കുക എന്നതാണ് ഖുർആന്റെ പൊതു നിർദേശം. പന്നിമാംസം, രക്തം, ശവം, ദൈവത്തിനല്ലാതെ നേർച്ചയാക്കപ്പെട്ടത് ഈ നാലെണ്ണത്തെ മാത്രമേ ഖുർആൻ കർശനമായി നിരോധിച്ചിട്ടുള്ളൂ എന്നുകരുതി, പട്ടിയെയും പൂച്ചയെയും മറ്റു സകല ഇഴജന്തുക്കളെയും നാം ഭക്ഷിക്കണമെന്നില്ലല്ലോ.

അല്ലാഹു തന്നെയും ബഹുഭാര്യാത്വം സമ്പൂർണമായി നിരോധിക്കാതെ, 'നീതിപൂർവമാണെങ്കിൽ മാത്രം നാല് വരെ ആവാം, ഇല്ലെങ്കിൽ ഒന്ന് മതി' എന്നും 'പൊതുവെ സ്ത്രീകൾക്കിടയിൽ നീതി പാലിക്കുക അസാധ്യമാണെന്നും' (4:3, 129) പറഞ്ഞുകൊണ്ട് ഈ അനുവാദത്തെ ഒരു പൊതു അംഗീകൃത നിയമമാക്കാനുദ്ദേശിക്കുന്നില്ല എന്നാണ് ധ്വനിപ്പിക്കുന്നത്. ഇസ്‌ലാമിലെ അനന്തരാവകാശ നിയമം തന്നെ മതി ഗൗരവമുള്ള ഒരാവശ്യമായി ബഹുഭാര്യാത്വത്തെ ഇസ്‌ലാം കാണുന്നില്ല എന്നതിന് തെളിവായി. ഒന്നിലേറെ ഭാര്യമാരുള്ള ഭർത്താവിന് ഭാര്യമാർ മരണപ്പെട്ടാൽ ഓരോ ഭാര്യയുടെയും സ്വത്തിൽനിന്ന് വിഹിതം ലഭിക്കുന്നു; എന്നാൽ ഭർത്താവ് മരണപ്പെട്ടാൽ ഒരു ഭാര്യക്ക് ലഭിക്കാവുന്ന വിഹിതം മാത്രമേ എല്ലാ ഭാര്യമാർക്കും കൂടി ലഭിക്കൂ. ഒന്നിലധികം ഭാര്യമാരുണ്ടാവുന്ന സന്ദർഭത്തിലെങ്കിലും, അൽപം കൂടുതൽ അവകാശം കിടക്കട്ടെ എന്ന് ഇസ്‌ലാം വെച്ചില്ല.

**എം. ഖാലിദ് നിലമ്പൂർ**




## പ്രചോദനമേകുന്ന പ്രസ്ഥാന യാത്രകൾ

**ദീനിനെയും** പ്രസ്ഥാനത്തെയും അതിന്റെ സമഗ്രതയിൽ മനസ്സിലാക്കാനും ഗഹനമായ പുതു ചിന്തകൾക്ക് തിരികൊളുത്താനും സഹായകമാകുന്ന *പ്രബോധന*ത്തിന്റെ ഉള്ളടക്കത്തിന് അഭിനന്ദനങ്ങൾ. 'കെ.ടിയുടെ പ്രസ്ഥാനയാത്രകൾ' എന്ന പരമ്പര വളരെയധികം പ്രയോജനകരവും പ്രചോദകവുമാണ്. ദീനീ വിഷയങ്ങളിൽ വ്യത്യസ്തവും യുക്തി പൂർണവുമാണ് കെ.ടിയുടെ കാഴ്ചപ്പാടുകൾ. പ്രതിസന്ധികൾ തരണം ചെയ്യുന്നതിലും സാമൂഹിക ഇടപെടലുകളിലും അദ്ദേഹം കൈക്കൊണ്ട നിലപാടുകളും മറ്റും അറിയാൻ താൽപര്യമുണ്ട്. കെ.ടിയുടെ അധ്യാപനകാലത്തും അന്യദേശങ്ങളിലെ ജീവിതകാലത്തുമുണ്ടായ അനുഭവങ്ങളറിയാനും അതുവഴി പുതിയ ചിന്തകൾക്ക് വഴിതെളിക്കാനുമുതകുന്ന പ്രസ്തുത പംക്തിയുടെ തുടർ ഭാഗങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

**ഫർസാന ഫാത്തിമ, ഗവ. ഹോമിയോ കോളേജ്, കോഴിക്കോട്**

## രണ്ട് പിഴവുകൾ

**'കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ' (ലക്കം 30 ജനുവരി 10) പത്താം ഭാഗത്തിൽ ചില പിഴവുകൾ സംഭവിച്ചിട്ടുണ്ട്. ഒന്ന്, കെ.ടി അന്തമാനിലെത്തിയപ്പോൾ ജമാഅത്തിന്റെ സഹകാരികളായുണ്ടായിരുന്ന പ്രധാനപ്പെട്ടവരുടെ പേരുകൾ അനുസ്മരിച്ചശേഷം 'അബ്ദുല്ലക്കുട്ടി സാഹിബ് ഒഴികെയുള്ളവരൊക്കെ മരിച്ചു' എന്നെഴുതിയിരിക്കുന്നു. എന്നാൽ അന്ന് മർകസിന്റെ തൊട്ടടുത്ത് താമസിച്ചിരുന്ന കുഞ്ഞുട്ടു സാഹിബ് ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. രണ്ട്, എ.പി അബ്ദുൽഖാദിർ മൗലവിയുടെ ജ്യേഷ്ഠൻ എ.പി അബ്ദുല്ലക്കുട്ടി സാഹിബ് അക്കാലത്ത് അന്തമാനിലുണ്ടായിരുന്നു. അദ്ദേഹം ജമാഅത്ത് മനഃസ്ഥിതിക്കാരനോ അന്തമാനിലെ ജമാഅത്തിന്റെ തുടക്കക്കാരനോ ആയിരുന്നില്ല; സമസ്തയുടെ നേതാവും ജമാഅത്തിന്റെ കടുത്ത വിമർശകനുമായിരുന്നു. അവസാനകാലത്ത് ജമാഅത്ത് പ്രവർത്തകരുമായി നല്ല ബന്ധത്തിലായിരുന്നു. അബ്ദുല്ലക്കുട്ടി സാഹിബ് കഴിഞ്ഞ നവംബറിലാണ് ഇഹലോകവാസം വെടിഞ്ഞത്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ- ആമീൻ.

**പി.കെ മുഹമ്മദലി അന്തമാൻ**

## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ

**ഇസ്‌ലാമിക** പ്രസ്ഥാനത്തിലെ പുതുതലമുറക്ക് ഒരുപാട് പഠിക്കാനും ചിന്തിക്കാനുമുള്ളതാണ് 'കെ.ടിയുടെ പ്രസ്ഥാന യാത്രകൾ'. താനറിയാത്ത, തന്നെയറിയാത്ത നാട്ടിലൂടെ തോളിലൊരു ബാഗും വെച്ച് അല്ലാഹുവിന്റെ ദീനിനെക്കുറിച്ച് കേൾക്കാനാഗ്രഹിക്കുന്നവരെ തേടി അദ്ദേഹം അലഞ്ഞു. സദസ്സുകൾക്കനുസരിച്ച് പ്രസംഗിച്ച് ടവ്വൽ വിരിച്ച് കിട്ടുന്ന കാശ് വീട്ടിലേക്കയക്കാനല്ല മറിച്ച്, ജനങ്ങൾക്ക് അല്ലാഹുവിന്റെ കലർപ്പില്ലാത്ത ദീനിന്റെ സന്ദേശം എത്തിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. പലതരം ഭീഷണികളും പരിഹാസവും കൈയേറ്റ ശ്രമങ്ങളുമെല്ലാം ഉണ്ടായിട്ടും, താൻ ഏറ്റെടുത്ത ദൗത്യത്തിന്റെ മഹത്വവും അതുവഴി ലഭിക്കാനിരിക്കുന്ന അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രചോദനം.

**മുഹമ്മദ് റഫീഖ് അഷ്ടമിച്ചിറ**
veekayar@gmail.com

# ഭീകരാക്രമണത്തെക്കുറിച്ച് തന്നെ

**ന്യൂനപക്ഷത്തിന്** സംഘ്പരിവാര്‍ ഓശാരമായി ചാര്‍ത്തിക്കൊടുത്തതാണല്ലോ 'ഭീകരവാദികള്‍' എന്ന ലേബല്‍. എന്നു മുതലാണ് ഇന്ത്യയില്‍ ഭീകരവാദവും വര്‍ഗീയ ലഹളയും പൊട്ടിപ്പുറപ്പെടാന്‍ തുടങ്ങിയത്? പ്രധാനമന്ത്രിപദം സ്വപ്നംകണ്ട് നടക്കുന്ന അദ്വാനിയുടെ രഥയാത്രയും അതിനോടനുബന്ധിച്ച് നടന്ന പള്ളിപൊളിയും ആയിരുന്നു തുടക്കം. മോഡിയുടെ ഗുജറാത്തിലെ വംശഹത്യ വേറെയും. പ്രജ്ഞാ സിംഗ് എന്ന സന്യാസിനിയെ തൊട്ടപ്പോള്‍ വേദനിച്ചത് അദ്വാനിക്കാണ്. കുറ്റക്കാരെ പിടിക്കുന്നതും ശിക്ഷിക്കുന്നതും കോടതിക്കു പകരം രാഷ്ട്രീയക്കാരോ മത നേതാക്കളോ ആയിത്തീര്‍ന്നാല്‍ പിന്നെ നീതിന്യായ വ്യവസ്ഥയുടെ ആവശ്യമില്ല! പോട്ടയുടെ മറവില്‍ നൂറുകണക്കിന് ചെറുപ്പക്കാര്‍ ഗുജറാത്തിലെ ജയിലില്‍ നരകിക്കുന്നതും മുസ്‌ലിം നാമധാരികളെ വെറും സംശയത്തിന്റെ പേരില്‍ കസ്റ്റഡിയിലെടുക്കുന്നതും ആര്‍ക്കും പ്രശ്നമല്ല തന്നെ.

**കെ. മുഹമ്മദ് തുങ്കൂര്‍**
keyem2802@yahoo.com

## മൗദൂദി സ്നേഹം

**1960–61** കളില്‍ ഞങ്ങളുടെ ഗ്രാമത്തില്‍ ഒരു വായനശാല ആരംഭിച്ചു. സെക്രട്ടറിയുടെ ചുമതല എനിക്കായിരുന്നു. ആ വായനശാലയില്‍നിന്നാണ് *ഖുത്ത്ബാത്ത്*, *ഇസ്‌ലാംമതം*, *സത്യസാക്ഷ്യം*, *രക്ഷാസരണി*, *ബുദ്ധിയുടെ വിധി*, *പ്രബോധനം* (പാക്ഷികം/വാരിക) മുതലായ സാഹിത്യങ്ങള്‍ വായിച്ചത്. വായനശാലയുടെ നട്ടെല്ല്, വിശിഷ്യാ വൈജ്ഞാനികമായ തലച്ചോറ് ഇപ്പോഴത്തെ മുജാഹിദ് നേതാവ് എ.പി അബ്ദുല്‍ഖാദിര്‍ മൗലവിയുടേതായിരുന്നു. ഗവണ്‍മെന്റില്‍നിന്ന് വായനശാലാ ഗ്രാന്റ് ലഭിക്കുമ്പോള്‍ മൗദൂദി സാഹിത്യങ്ങള്‍ ശേഖരിക്കാന്‍ അദ്ദേഹം മുന്‍ഗണന നല്‍കിയിരുന്നു. എ.പി മഹല്ലുനിവാസികള്‍ക്ക് പ്രിയപ്പെട്ട ഖത്വീബായിരുന്നു. അന്തമാന്‍ മര്‍കസിലെ വിദ്യാര്‍ഥിക്ക് അബുല്‍ അഅ്‌ലാ എന്ന് ഒരു പേരിട്ടതും അദ്ദേഹം തന്നെ.

**മായിന്‍കുട്ടി ഒതായി**

## തിരുത്ത്

**'ആദര്‍ശ** രാഷ്ട്രീയ പ്രസ്ഥാനം കാലത്തിന്റെയും രാജ്യത്തിന്റെയും സത്വരാവശ്യം' എന്ന എ.ആറിന്റെ ലേഖനത്തില്‍ (ലക്കം 31) പേജ് 16-ലെ വാക്യം 'അതിനാല്‍ ആസന്നമായ പൊതു തെരഞ്ഞെടുപ്പിനെ തുടര്‍ന്ന് ഒരുവേള എന്‍.ഡി.എ തിരിച്ചുവന്നാല്‍ തന്നെ ഇതിനേക്കാള്‍ മോശമായതൊന്നും സംഭവിക്കാനിടയില്ലെന്ന് കരുതുന്നവര്‍ നിരവധിയാണ്' എന്ന് തിരുത്തി വായിക്കുക. ലേഖനത്തില്‍ പരാമര്‍ശിക്കപ്പെട്ട അബൂത്വാലിബ് മൗലവി, അബൂത്വാലിബ് ചൗധരിയാണ്. 'സാമ്പ്രദായിക മതസംഘടനകളുടെ വിഭ്രാന്തികള്‍' എന്ന ലേഖനത്തില്‍ (ലക്കം 32) 'മര്‍കസുദ്ദഅ്‌വ' എന്നത് (പേജ് 12) 'ജമാഅത്തുദ്ദഅ്‌വ' എന്നും തിരുത്തി വായിക്കുക.

**എഡിറ്റര്‍**